RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

INCREASE OF PAY TO VERNACULAR SCHOOL TEACHERS.

PRESIDENT: Before proceeding to the continuance of the discussion on the resolution on unemployment, I should be glad if the non-official members will, under the presidency of the Deputy President, if the Deputy President will be so kind as to preside, proceed to elect four members from among themselves to serve on the Committee to go into the question of the pay of Vernacular school-masters. They may make the election either during the lunch interval or in the evening after the Nanjinad Vellala Bill has been considered, that is, either between 2 and 3 o'clock or after five.

MR. V. SUBBA AIYAR (*Nominated*) (*Deputy President*): We may have it between 2·45 and 3 P. M.

PRESIDENT: The Deputy President is prepared to have the election after 2·45 and finish it by 3 o'clock.

MR. M. SIVATANU PILLAI (*Tovala*): May I just remind the President of the promise of a ruling about the publication of the report of the Free Pass Rules Committee?

PRESIDENT: I am having the question looked into.

We will now proceed with the discussion of the resolution on unemployment.

Committee on unemployment (Contd.).

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I second the resolution. The learned mover has traversed a very difficult and interesting region. He has pointed out with his characteristic grasp of principles and details the crying evils of unemployment. The unemployment question in every country is a social, political and economic problem of a most complex and difficult character. But the unemployment question in Travancore is different from what it is in the countries of the West. In those countries people who are willing and able to work find it impossible to get work because of the peculiar conditions of land, labour and capital. But in Travancore the bearings of the problems of unemployment are different. Here is a State where the Government are prepared to take credit for cent per cent. literacy. Here is a country where English education has spread to a larger extent than in any other part of India. And here again is a favoured State whose Government are spending a large proportion of its revenue for higher education. The result is that there is no place in this vast continent where the quest for Government employment is so keen and fraught with so many evil consequences as in Travancore. Side by side with the universal scramble for billets there exists in our State the worst type of sectarian and communal struggles for the distribution of offices.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I ask the Member whether there is any communal unemployment?

LIBRARY ARCHIVES Kerala Legislative Assembly

Page 1

MR. K. P. NILAKANTA PILLAI (*Chirayinkil*): If there is unemployment, is it confined to a particular community or does it not relate to all the communities in the State? I will put that question to the Member.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I am sorry the Member is not in order in putting a question to me.

MR. K. P. NILAKANTA PILLAI (*Chirayinkil*): The newspapers devote so much space for the discussion of the claims of individuals and communities for the loaves and fishes of office.

MR. K. I. JOSEPH (*Meenachil cum Devicolam*): May I know whether the Member is allowed to refer to newspaper reports?

MR. K. P. NILAKANTA PILLAI (*Chirayinkil*): I have not picked up any statements from any particular newspaper. I am simply referring to the newspapers generally.

The public mind is often in a very bad temper and the situation has become so alarming that sectarian advocacies frequently collide with the prestige and authority of the Government.

As Mr. Kumara Pillai has pointed out, these disappointed educated young men are alarmingly increasing and Satan finds a mischief still for idle hands to do. This problem has been dealt with with considerable ability by the members of the Calcutta University Commission. The conditions in Bengal seem to be more or less similar to the conditions that prevail in Travancore to-day. Their report says thus:

"It is difficult to resist the conclusion that an unduly large proportion of the able young men of Bengal are being trained in a manner too purely literary. Evidence from all sides, from Indians and Englishmen alike, shows that though some few have found the fullest scope for their abilities, and are occupying with distinction positions of the highest importance, and though practically all the graduates of the University do find employment of one sort or another, there is in Bengal a large number of men who after having either obtained university degrees, or reached an earlier stage in the university course, find that there are no outlets available for them such as their academic standing justified them in expecting.....It is impossible, also, not to recognise that a system which leads to such results must be economically wasteful and socially dangerous, and must in the end lead to the intellectual impoverishment of the country.

It is inevitable that men of ability who, after an arduous training, find themselves in such a situation should be deeply discontended, and should be inclined to lay the blame, as is the natural temptation of the dissatisfied in all lands and, above all in India, upon the Government of their country. The anarchist movement which has been so distressing a feature of recent years in Bengal has, by some, been attributed largely to the influence of these discontended classes; and undoubtedly it has drawn from among them many of its recruits." (*Report of the Calcutta University Commission 1917-19, Vol. I, part 1, pp. 22-23.*)

The conditions in Travancore are more or less similar to the conditions that prevailed in Bengal when the report was submitted. Thus the existence of a similar discontented class of educated young men forms a menace to good government.

MR. C. P. THOMAS (*Nominated*): May I ask the Member whether it is a fact that this House has always demanded facilities for this kind of education in Travancore?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil*) : That may be his information. My information is the other way. The public downrightly condemned the present system of education.

MR. C. P. THOMAS (*Nominated*) : May I ask whether the Member is aware that this House and other bodies have asked for more facilities being given for the admission of double the number of students in colleges so that they may not go outside Travancore?

MR. K. P. NILAKANTA PILLAI (*Chirayinkil*) : Some Members may be of that opinion. I am not bound by the opinion of the other Members of the House. If the Member would refer to my budget speech, he will find that I have advocated for collegiate education being made more costly if possible.

MR. C. P. THOMAS (*Nominated*) : I am only asking if he is aware of it.

MR. K. P. NILAKANTA PILLAI (*Chirayinkil*) : I am aware.

It is true that the people of Travancore are perhaps the most loyal in the world. But all the same it must be recognised that a chronic unemployment is a sure cause of political distemper. It therefore behoves the Government to obviate the difficulties of the situation. The longer the solution is postponed the more difficult it will be.

It has to be recognised that the Government will never be able to provide Government employment to all the educated subjects. The evil can therefore be averted only by opening up new vistas of honourable and profitable employment. There are the inexhaustible natural resources of the country remaining to be tackled. There is a lot of cultivable land remaining idle. The labour power of the State is not being properly harnessed and capital lies scattered about without finding proper investment. Literary education can never work towards the material salvation of the people unless we give the educated men and women the means to live useful and comfortable lives. I am glad that lower down in the programme of this session there is a resolution to be moved by Mr. Raman Menon. If that resolution is carefully discussed and accepted by the House, the problem of unemployment is bound to find a proper solution. I am sure that Mr. Menon's resolution would enable this House to deal effectively with this difficult question, because it is bound to disclose ways and means for making Travancore industrially and economically prosperous.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : May I know what is the resolution he refers to? Is it the resolution for the amalgamation of the Development Departments?

MR. K. P. NILAKANTA PILLAI (*Chirayinkil*) : The very same resolution.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : May I know if the amalgamation of Development Departments will promote or discourage this problem of unemployment?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil*): It will solve to a great extent the problem of unemployment. With these words, I support the resolution.

MR. PAUL DANIEL (*Nominated*): I wish to refer to one aspect of the problem of unemployment. Sir, I need hardly point out that the problem of employment is becoming more and more serious and is threatening to destroy the peace and contentment of the people of our State. By saying so, I do not even so much as hint that this state of affairs is confined to Travancore. So far as we can learn, the situation is almost as bad in South India. Passing beyond India and examining the position in this respect in that far off country with which we are most intimately associated, I mean England, we find that this unemployment is a menace not only to the country but also to the Government. But the significance of the term unemployment as used in England is very different from what it stands for in our country. There it is the unemployment of men who are ready and willing to do any work given to them, who would turn their hands to anything that might turn up in order to obtain the day's or week's wages to keep them alive. Here it is the unemployment of men and lads who attach a peculiar dignity to certain professions and walks of life and would cling to them for all they are worth. They will never stoop to do any work which will soil their hands. So, unemployment in Travancore is of a peculiar nature. As the mover of the proposition so eloquently and effectively pointed out yesterday, there are any number of acres of land lying fallow all round; handicrafts which were once flourishing in the country are now languishing, deteriorating, and are becoming extinct. They are beckoning to the young men to go to their rescue, but the latter pass by with a toss of their head in sheer contempt.

MR. G. PARAMESVARAN PILLAI (*Neyyattinkara*): May I know from the Member whether there are any means by which the Government may ask these young men to go to these lands?

MR. PAUL DANIEL (*Nominated*): I do not know.

Thus Travancore unemployment is a problem far more intricate than that which threatens any other country and far more difficult to solve.

I am afraid this is producing an injurious reflex effect on the labouring population. They are becoming more assertive and unjust in their demands. In certain places they do not give more than 4 or at the most 5 hours' work and demand a whole day's wages. I believe that my friend Mr. Karayalar who is a great employer of labour in South Travancore will bear me out in this statement of mine.

Now, what has brought about this state of affairs? I have heard some even say that this is all due to the nature of education given. I am afraid that there is much truth in it. Possibly, this false position which our educated young men assume has something to do with the coats and head dress and benches which were peremptorily demanded when the Education Code was first promulgated. It has, perhaps, much

LIBRARY ARCHIVES Kerala Legislative Assembly

to do with the nature of the tests employed to ascertain efficiency and the implied promise which success in those tests carries with it. Scores of our young men graduate every year, and when they feel the pinch of unemployment, they go on to the study of law and very soon create an intensified form of unemployment at the Bar of every court of the State. Coming down to the lower examinations, there are two service tests in the State. There is first the English School Leaving Certificate or the School Final Examination according to which about 1,500 young men are declared eligible for service in the State every year. Below this there is the T. C. S. which is slightly lower than the I. C. S. and the State gets about 2,000 young men annually for service by success in this examination. It would appear from this that the probable number of posts to be filled in the State every year must be somewhere about 4,000. But all these men, though declared eligible for public service, are not being drafted into it. There is some delay in appointing them to places and the poor lads are becoming impatient. Impatience gives place to indignation and later on to disappointment. Is all this due to some miscalculation of the Government as regards the number of men they want every year for service? If so, it is this miscalculation that is causing an amount of evil and trouble which the Government did not anticipate and hence the sooner this is seriously tackled the better for the State. Otherwise, as the late Dewan, Mr. Sankarasubbier, said once, for every appointment the head of a department makes he will create 99 enemies and one discontented man. With these words, I support most heartily the resolution of Mr. Kumara Pillai and recommend that a very small committee of men who are interested in the solution of this problem be appointed.

MR. A. K. PILLAI (*Karunagapalli*): May I know from the Member what is meant by T. C. S?

MR. PAUL DANIEL (*Nominated*): It means the Travancore Civil Service.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, the question of unemployment is the greatest of our economic and social problems. It is assuming unmanageable proportions. It is a stern fact which stares us in the face. Neither the Government nor the Council can afford to ignore it. Unless we check it from attaining menacing dimensions, there would be trouble in the land.

Of course, we have nothing to do with the idle, the rich workless, and the disabled. They may be set apart and left out of our consideration. For our purpose, the unemployed may be divided into three groups:

(i) the unskilled unemployed,
(ii) the skilled unemployed, and
(iii) the educated unemployed.

It is absolutely essential that we should appoint a committee to study the question in all its aspects and to suggest ways and means of remedy.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Paul Daniel.]

The first is the unskilled unemployed. There are many persons who are only able to hew wood and draw water, to take loads and do such other things. There are many of them. Agriculture, plantation and trade engage them now. Make agriculture more extensive, make room for extensive plantations and give facilities for the encouragement of trade and these men would be mostly employed. In these ways, the unskilled unemployed may be employed. I may also add that converting the unskilled unemployed into the skilled is one of the best ways of solving their problem.

By the skilled unemployed, I mean persons fit for industrial and skilled labour but without work. This group nowhere is very small and is likely to grow and must grow. Extension of railway, improvement of ports, introduction of waterworks and electric works and such others would want them and absorb them. In my view the cry of this group is yet to be heard.

The third group is the educated unemployed. I mean the large army of certificate holders—Vernacular School Leaving Certificates, English School Leaving Certificates and University certificates. Their cry is the loudest. Apparently their problem seems to be the most important. That the Government have yet to concede and fight shy of a reform of the educational system which is primarily responsible for the employment of the educated is seen from the answers they have given to my question.*

As for the future, we have to change the nature of education. If that is not to be done it is better to close our schools and colleges. The modern graduate, if he is not employed as a teacher or as a clerk, is not able to earn a pie of his own accord. The situation is thought-provoking. The present system of education is intended to impart knowledge and if those who seek it intend getting money alone out of it, and are disappointed, they alone are to blame for it.

A progressive railway policy, electric and water-supply schemes, throwing open more areas for cultivation, penalising non-cultivation, affording facilities for trade and commerce by banking, commercial and industrial education, opening fresh avenues for service and items of subsidiary occupation and cottage industries and popularising small industrial schemes, changing the system of education and introducing unemployment insurance are some of the ways that suggest themselves to me now.

The Government have done nothing till now though its attention has been repeatedly drawn to the subject. However, I am glad that the Dewan has recognised this sore in our social life and dealt with it in paragraph 27 of the Assembly Address. The Government are the largest employers of educated labour and I am glad that the Government have promised to leave nothing undone to narrow the margin of unemployment. A committee is essential to narrow the margin. With these words, I support the resolution.

*Page 481, Vol. VIII—Council Proceedings.

LIBRARY ARCHIVES Kerala Legislative Assembly

MR. KALLUR NARAYANA PILLAI (*Pattanamtitta*) : തൊഴിൽ ഇല്ലായ്മ മറ്റു രാജ്യങ്ങളിൽ എന്ന പോലെ തിരുവിതാംകൂറിലും മുൻപുണ്ടായിരുന്നതിനെ അപേക്ഷിച്ചു വർദ്ധിച്ചു വരികയാണ്. യാതൊരു കാലക്ഷേപമാർഗ്ഗവുമില്ലാതെ നിരാലംബന്മാരായും രോഗബാധിതരായും അർദ്ധനഗ്നരായും കഴിച്ചു കൂട്ടുന്ന ജനങ്ങളുടെ സംഖ്യ ഭയങ്കരമാംവണ്ണം വർദ്ധിച്ചു വരുന്നു. ഏതുഗ്രാമത്തിൽ പ്രവേശിച്ചു പരിശോധിച്ചാലും പരീക്ഷാവിജയികളായും അല്ലാതേയും തൊഴിൽ ഇല്ലാതെ അലഞ്ഞു നടക്കുന്ന അനേകം യുവജനങ്ങളെ യഥേഷ്ടം കാണാവുന്നതാണ്. ശരിയായ കാലക്ഷേപമാർഗ്ഗം ഇല്ലാത്തതുകൊണ്ട് തിരുവിതാംകൂറിൽ ദശലക്ഷംജനങ്ങൾക്കുള്ളതിൽ നവലക്ഷത്തിൽപരം ജനങ്ങളും ഒരുനേരത്തെ ആഹാരമെങ്കിലും തൃപ്തിയായി ലഭിക്കാൻ നിവൃത്തിയില്ലാത്തവരാണ്. ഇപ്രകാരം വർദ്ധിച്ചുവരുന്ന തൊഴിൽഇല്ലായ്മനിമിത്തം സമുദായമൈത്രിയും രാജ്യസ്നേഹവും, ഗാർഹികസുഖവും, നാട്ടിൽ നിന്ന് അസ്തമിച്ചു പോകുന്നു. ഭീഷണം മൂതലായ നിയമലംഘനങ്ങൾ വർദ്ധിച്ചു വരുന്നു. തിരുവിതാംകൂറിൽ ഒരാണ്ടിൽ ഒരാളിന്റെ വരവു ഇരുപതു രൂപയാണെന്ന് ഓർക്കുമ്പോൾ തന്നെ ഇവിടത്തെ ധനോല്പാദനം എത്ര മന്ദഗതിയിലാണെന്ന് ഊഹിക്കാമല്ലോ

MR. K. K. THOMAS (*Kottayam*) : തിരുവിതാംകൂറിൽ ഒരാളിന്റെ വരവു ഇരുപതുരൂപയാണെന്ന് എങ്ങിനെ മനസ്സിലാക്കി?

MR. KALLUR NARAYANA PILLAI (*Pattanamtitta*) : പതിനഞ്ചു ലക്ഷം ഏക്കർ സ്ഥലത്തെ തിരുവിതാംകൂറിൽ കൃഷിയുള്ളൂ. ആറു ലക്ഷം ഏക്കർ നെൽകൃഷിക്കും അഞ്ചുലക്ഷം ഏക്കർ തെങ്ങു കൃഷിക്കും മൂന്നുലക്ഷം ഏക്കർ കപ്പകൃഷിക്കും ഒരു ലക്ഷം ഏക്കർ മറ്റു കൃഷിക്കും ഉപയോഗപ്പെടുത്തുന്നുണ്ട്. ജനസംഖ്യ കണക്കും ഇതിലെ ആദായവും എടുത്തു വീതിച്ചു നോക്കുമ്പോൾ ഒരാളിന്റെ വരവു ഇരുപതു രൂപയാണെന്നു കാണാം.

ഛ. വിദ്യാഭ്യാസ സമ്പ്രദായം.

ഒന്നാമതായി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം തന്നെ ഇതിലേക്കുത്തരവാദം വഹിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ താണപടിയിലുള്ള ഉദ്യോഗനിർവ്വഹണത്തിനു പ്രാപ്തരാക്കാൻ വേണ്ടി വാക്കപ്പെട്ട സാഹിത്യപരമായവിദ്യാഭ്യാസപദ്ധതിയെ അനുകരിച്ചുള്ള ഇവിടത്തെ വിദ്യാഭ്യാസം തൊഴിൽ ഇല്ലായ്മയെ നിമിഷംപ്രതി വർദ്ധിപ്പിക്കുന്നു. ഔരം വിദ്യാഭ്യാസസമ്പ്രദായവും പ്രായോഗികജീവിതവും തമ്മിൽ യാതൊരു ബന്ധവുമില്ല. ഔരം തരത്തിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചവർക്കു സർക്കാർ സേവനവും വക്കീൽപണിയുമല്ലാതെ മറ്റൊരു ജീവിതപോഷണമാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kallur Narayana Pillai.]

വും ലഭിക്കുന്നില്ല. ഒരാം രണ്ടു ശാഖകളും പരിമിതമാണ്. അതു കൊണ്ടു ഒരാം രണ്ടു ശാഖകളിലേക്കുള്ള പ്രവേശന നിരക്കു കൂടി വരുന്നു. ഓരോ സമുദായത്തിലെ അംഗങ്ങാംക്കും ഭൂരിപക്ഷം ഉദ്യോഗങ്ങാം ലഭിക്കണമെന്നുള്ള മോഹം കലശലായി തീരുന്നതു കൊണ്ടു് സമുദായങ്ങാം തമ്മിൽ ആവശ്യംവേണ്ട സൌഹാർദ്ദനിലനഷ്ടപ്പെട്ടു പോകുന്നു. അതിനും പുറമേ തിരുവിതാംകൂറിൽ ജാതികളും, അവാന്തരജാതികളും, ഉദ്യോഗലാഭത്തിനുവേണ്ടി വർദ്ധിച്ചു വരുന്നു. അതു കൊണ്ടാണു് ഭരണകാര്യത്തിൽ വിഷമതഗവർമ്മെൻറിനുംകൂടി വരുന്നതു്.

൨. വ്യവസായവാണിജ്യങ്ങളുടെ ശുഷ്ക നില.

ഇന്നും തിരുവിതാംകൂർ അസംസ്കൃത സാധനങ്ങളുടെ കയറ്റുമതി കൊണ്ടു തൃപ്തിപ്പെട്ടുവരുന്നു. വ്യവസായവാണിജ്യപോഷണത്തിനു വേണ്ടതായ യാതൊരു പദ്ധതിയും പ്രായോഗികവിഷയത്തിലും തൃപ്തികരമാംവണ്ണം ഇതേവരെ രൂപീകരിക്കപ്പെട്ടിട്ടില്ല.

൩. കൃഷികവൃത്തിയുടെ പരിമിതസ്ഥിതി.

തിരുവിതാംകൂറിൽതെങ്ങു കൃഷിയൊഴികെ നെൽകൃഷിക്കു ൩ലക്ഷം ഏക്കറും, മരച്ചീനികൃഷിക്കു ൩ ലക്ഷം ഏക്കറും മറു കൃഷികാംക്കു ൧ ലക്ഷം ഏക്കറും ഇങ്ങിനെ ൭ ൦ ലക്ഷം ഏക്കർ ഭൂമിയിലാണു കൃഷിനടത്തിവരുന്നതു. ഒരു കൃഷിക്കാരനു ൪ ഏക്കർ വീതം സ്വന്തമായികൃഷി ചെയ്യാവുന്ന ക്രമത്തിനു ൨ ലക്ഷം ജനങ്ങാംക്കെ കൃഷിത്തൊഴിൽ നടത്തുന്നതിനു സൌകര്യമായി ഭൂമിയൊള്ളു.

൪. ഭരണക്രൂടവും ജനങ്ങളും, വ്യവസായവാണിജ്യ തൊഴിൽശാലകളും തമ്മിലുള്ള അകൽച്ച.

ഇപ്പോാം ഗവർമ്മെൻറു ജനങ്ങളുടെ പ്രവർത്തനരംഗത്തിൽപ്രവേശിച്ചു് അവരുടെ ജീവിതരീതിയെപ്പറ്റി അന്വേഷിക്കുന്നില്ല. അതുപോലെതന്നെ ഉള്ളിടത്തോളം വ്യവസായവാണിജ്യശാലകളിൽതന്നെ ഗവർമ്മെൻറിൻെറ നേരിട്ടുള്ള ദൃഷ്ടിയില്ല. വിദ്യാലയവും തൊഴിൽശാലയും തമ്മിൽ പരസ്പരബന്ധവുമില്ല. അതുകൊണ്ടു തൊഴിലുകളെ ക്രമീകരിച്ചു ജനങ്ങാംക്കു കാലയാപനമാർഗ്ഗം ഉണ്ടാക്കികൊടുക്കുന്നതിനു് ഒരു ഘടനയില്ലാതെയാണിരിക്കുന്നതു.

തൊഴിലില്ലായ്മയുടെ പ്രധാനകാരണങ്ങാം ഇവയാണു്. ഒരു രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളും ശാന്തപരമായ ജീവിതവും പരിപോഷിപ്പിക്കേണ്ടതു ഭരണാധികാരത്തിൻെറ പ്രഥമധ

LIBRARY ARCHIVES Kerala Legislative Assembly

മ്മമാണ്. നാട്ടിൽ തൊഴിൽ ഇല്ലായ്മ വർദ്ധിക്കുംതോറും ജനക്ഷോഭവും സമാധാനവും നശിച്ചുപോകുന്നതുകൊണ്ടു ഭരണാധികാരത്തിനുതന്നെയും അസ്വസ്ഥതയ്ക്കു കാരണമായിത്തീരുന്നതാണ്. ആയതുകൊണ്ടു തൊഴിൽ ഇല്ലായ്മയെ ദൂരീകരിക്കേണ്ടതു ഗവർണ്മെൻറിന്റെ കർത്തവ്യകർമ്മങ്ങളിൽ സർവ്വപ്രധാനങ്ങളായതാണ്.

ആകയാൽ ഈ പ്രമേയത്തെ ഞാനും ഹാർദ്ദമായി അനുകൂലിച്ചു കൊള്ളുന്നു.

MR. K. K. THOMAS (*Kottayam*): We would like to hear the Government on this matter.

PRESIDENT: The Government would like to hear a few more speakers before they reply.

MR. N. KUMARAN (*Nominated*): Sir, I have great pleasure in supporting this resolution. There can be no doubt as to the importance of the question at issue. It is also clear that this problem demands urgent solution at the hands of the Government. Mr. Kumara Pillai, while moving the resolution, submitted certain figures for the consideration of the House. We find that year after year our young men to the extent of three to four thousands are going out of our educational institutions after receiving what they think to be a certain educational qualification. Those persons who go out of our educational institutions do not desire to turn back to the land or to the artisan's profession for the purpose of earning their bread. Everyone seems to require a decent occupation and that is why the situation has become so very keen and the problem so very complex. In Travancore and Southern India, as well as in Northern India, the same problem has arisen. We know that a similar resolution has been moved in the Madras Legislative Council and as a result of it a committee has been appointed and one of our late Dewans, Dewan Bahadur M. Krishnan Nair, is the Chairman of that committee. I am not quite sure whether that committee has begun to take evidence. But, at any rate, we may expect that in the near future they will submit their report. What I therefore want to point out is that this is not a local problem. A similar problem has arisen in other places also, and probably a similar solution would be necessary for us also. It has been pointed out by some speakers that the solution will mainly lie in the change that we might effect in our educational system. I do not believe that that is the correct solution of the problem or even a correct diagnosis of the situation. For instance, if we suppose for a moment that all our colleges and Secondary Schools and Vernacular Middle Schools be converted into some sort of technical schools whence any number of shorthand writers, draftsmen, sub-engineers, engineers and men of that variety are turned out, I do not believe we will in any way be solving the problem of the unemployed. Where is the room where all these people can be employed? We will simply find that for one sort of unemployment we have another sort. Therefore, the solution will lie not in changing the

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Kumaran.]

character of education but in finding scope for the employment of any sort of labour, whether trained or untrained. Therefore, we will have to look to other directions and I should think that in the development of our industries, the development of our commerce and the discovery of means by which we can convert most of our raw materials into finished products will lie the solution of the problem. The change in the character of the educational system will no doubt enable most of our educated men to be trained in some particular art or profession, but that will not put bread into their mouths. Nevertheless, they will have to be employed by some person. Where is the capitalist or the commercial magnate to employ these men. Therefore, I say we will not thereby be nearing the solution.

It has been pointed out yesterday by Mr. Kumara Pillai that this situation has been rendered still more serious by children of the backward communities or artisans coming forward and receiving a general education by which they find themselves afterwards unwilling to follow their parents' profession. Of course, he cited the instance of a blacksmith. My view is that every man is entitled to receive whatever education he likes. It is not possible for us or for the Government to compel a particular man to take a particular education. It must depend upon his own inclination and on what his parents are able to except from it and come to a conclusion whether they would be safeguarding the prospects of the particular student by asking him to take a particular education. Of course, it is a laudable intention on the part of the parent of a blacksmith to think that his son should become a Government servant, if possible to take part also in the administration of his country. It is not possible for us to compel him always to be hewer of wood and drawer of water. Those days are long past and I hope they are not likely to return. What I therefore submit is that so far as the resolution is concerned, a committee might sit, might explore all the possible avenues of employing our young men not by changing the system of education, but by discovering new methods of employment. The question is no doubt very serious. It is very complex and it requires for its solution probably some expert advice and help. A number of ordinary gentlemen sitting in a committee probably might not arrive at a proper solution of the problem.

MR. G. PARAMESVARAN PILLAI (*Neyyattinkara*): May I have from the Member a rough idea as to what he thinks of finding out new avenues?

MR. N. KUMARAN (*Nominated*): New professions must be created. Of course, we will have to study the situation elsewhere, for instance the unemployment problem in England. Nobody finds fault with the system of education there. We have got there the trained labourers and the work for them, but still the unemployment problem is there. The only question is whether they have got sufficient scope for giving work to all the persons willing to go to the factory or workshops and earn their

LIBRARY ARCHIVES Kerala Legislative Assembly

own bread. Of course, so far as we are concerned, there is no oversea empire where we can send our graduates for foreign service. Somehow or other, we have to employ all these young men here. No doubt, a large number of graduates are being turned out year by year. It is not possible to send them all back to the land even supposing that the land will bear the return of all these persons to it for earning their bread.

MR. K. I. JOSEPH (*Minachil* cum *Devicolam*): Does Mr. Kumaran mean Government employment?

MR. N. KUMARAN (*Nominated*): Certainly not. Government employment is not a very elastic thing. Then there is the Legislative Council which is always vigilant and very careful not to permit any new service being opened.

MR. K. I. JOSEPH (*Minachil* cum *Devicolam*): Will it be possible for a committee to devise means and make it possible for private enterprise to initiate such progress?

MR. N. KUMARAN (*Nominated*): The committee might make suggestions to the Government and the Government may help the people in working out those suggestions.

I would make one suggestion with regard to Government service. Looking through the budget proposals we find that not less than 20,000 posts there are in Government service for which no educational qualification is fixed, for instance, the constables, the peons, the petty officers, and so many similar public servants. Is it proper that a Government which boasts of spending such a large amount of money on education should employ persons without any qualification whatsoever to the extent of 20,000 hands? Why not they prescribe some sort of educational qualification for these men, say for example, the Vernacular fifth class for some posts and the School Final Examination for some other posts, namely that of the first grade constable, the last grade of Petty Officers and the peons in the Judicial Department. Of course, these are very important functionaries.

MR. W. H. PITT (*Commissioner of Police*): Will the Member send up men with these qualifications for the posts of Constables?

MR. N. KUMARAN (*Nominated*): That is a different matter. I could have sent them over there, but there is some difficulty now. For, the Commissioner did not declare that a particular qualification should be sufficient for a man to be appointed as a constable. If certain qualifications were prescribed, it would be perfectly easy for me to send any number of persons who are qualified.

MR. W. H. PITT (*Commissioner of Police*): Can he find any persons with these qualifications to apply for a constable's post?

PRESIDENT: Mr. Kumaran says that you have not specified the qualifications.

MR. N. KUMARAN (*Nominated*): Yes. When these School final people find it impossible to get more respectable posts and when all the avenues are closed, they will certainly apply for the post of the first grade constable.

LIBRARY ARCHIVES Kerala Legislative Assembly

MR. V. SUBBA AIYAR (*Nominated*) (*Deputy President*): What does the Member propose for those men who have no qualification and yet who may be entertained, since according to him there will be unemployment as regards those persons?

MR. N. KUMARAN (*Nominated*): In reply, I have only to refer to what my friend Mr. Kumara Pillai suggested, that we are leaving the land away and we are getting out of our old professions. All those persons who are not educated, who could not go to a school and get themselves qualified, may go back to the land and follow their parents' professions.

MR. V. SUBBA AIYAR (*Nominated*) (*Deputy President*): Is it not more desirable that educated men should follow their family professions?

MR. N. KUMARAN (*Nominated*): If they are willing, certainly I would not stand in their way. But people have a certain mentality which cannot be easily changed.

MR. K. K. THOMAS (*Kottayam*): May I know if the Member knows what this mentality is due to?

MR. N. KUMARAN (*Nominated*): It might be due to several causes. In the first place, they have received a costly education. We know from experience that they have aspired for Government service which is supposed to be a respectable method of earning one's bread.

MR. K. K. THOMAS (*Kottayam*): How do the wages in the Government service and outside Government service compare?

MR. N. KUMARAN (*Nominated*): Well, it is not possible for me to compare the pecuniary condition of the public service and that outside. I have not got the figures with me.

MR. V. SUBBA AIYAR (*Nominated*) (*Deputy President*): Is Mr. Kumaran aware that one Raman Tattan B. A., who was a Sub-Magistrate for twelve years, resigned his post to join his father's profession?

MR. N. KUMARAN (*Nominated*): I do not know.

MR. V. SUBBA AIYAR (*Nominated*) (*Deputy President*): This is contained in yesterday's 'Hindu'.

MR. N. KUMARAN (*Nominated*): If that is the case with us also, I do not believe many of us are entitled to be here. We would have been elsewhere. Therefore, it is absolutely meaningless to say that we should follow our old professions. Of course, most of us, who may be compelled by circumstances or by rules which the Government might frame to do so, may follow their old profession. A change then in the situation might be introduced hereafter and there will not be such a large number of students sent to colleges and other institutions to receive a costly education. The pressure at the door of our colleges would be very much reduced when we find that it does not help us. With these words, I support the resolution.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി വേണ്ട അന്വേഷണം ചെയ്തു നിർദ്ദേശങ്ങൾ നൽകാൻ ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നുള്ള മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ എനിക്കനുകൂലിക്കുവാൻ നിവൃത്തിയില്ലാതെ ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ രാജ്യത്ത് ഇപ്പോൾ തൊഴിൽ ചെയ്യാൻ മനസ്സുള്ള ഏവർക്കും തൊഴിൽ ഇല്ലായ്കയില്ല. തൊഴിൽ ചെയ്യാൻ മനസ്സില്ലാത്തവനെക്കൊണ്ടു തൊഴിൽ ചെയ്യിക്കുവാൻ ഒരു കമ്മിറ്റികൊണ്ടു സാധിക്കുമെന്നു തോന്നുന്നില്ല. അങ്ങിനെയുള്ളവരെ അവരുടെ അനുഭവങ്ങൾതന്നെ വേണം തൊഴിൽ ചെയ്യാൻ ഉത്സാഹമുള്ളവരാക്കിതീർക്കുവാൻ. ആവശ്യം സൃഷ്ടിയുടെ മാതാവാണെന്നു പഴഞ്ചൊല്ലുണ്ടെല്ലൊ. തൊഴിൽചെയ്യാതെ തങ്ങൾക്കൊ കുടുംബത്തിനൊ വേണ്ട ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിവൃത്തിയില്ലെന്നുവരുമ്പോൾ ആരും ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കാതിരിക്കയില്ല. അതിനു വേണ്ട തൊഴിലുകൾ രാജ്യത്തു ധാരാളം ഉണ്ടുതാനും. രണ്ടു തരക്കാരാണ് ജോലിചെയ്യാതെ കാണുന്നതു്. ഒരു തരക്കാർ തീരെ ദരിദ്രരും വിദ്യാഭ്യാസമില്ലാത്തവരും ആയ ഒരു കൂട്ടരാണ്. അവർ രോഗമൊ വാർദ്ധക്യമൊ നിമിത്തം ജോലിചെയ്യാൻ നിവൃത്തിയില്ലാത്തവരായ ഭിക്ഷുക്കളോടുചേർന്നു ഭിക്ഷാടനംചെയ്തു നടക്കുന്നവരാണ്. അവർ രോഗികളാണെന്ന വേഷത്തിൽ നടക്കുന്നതുകൊണ്ടു് ഉദാരന്മാരായ ആളുകൾ ഭിക്ഷ നൽകി അവരേയും പോറ്റിപോരുന്നു. അവർക്കു വേലചെയ്യാൻ മനസ്സുണ്ടെങ്കിൽ ജോലിയും ധാരാളമുണ്ടു്.

MR. K. SIVARAMA PANIKKAR (*Shertallai*): തൊഴിൽചെയ്യാൻ മടിയുള്ള ഒരു തരക്കാരെപ്പറ്റി പറഞ്ഞല്ലോ അവരെപ്പറ്റി കേട്ടാൽകൊള്ളാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ആ തരക്കാരെപ്പറ്റിയാണു പറഞ്ഞതു്. എനിക്കു ഫ 0 മിന്നിട്ടേ സംസാരിക്കാൻ അവകാശമുള്ളു. അതു കഴിഞ്ഞു ചോദ്യങ്ങൾ ചോദിച്ചാൽ പ്രസിഡൻറു് അനുവദിക്കുന്നപക്ഷം ഉത്തരം പറയാം.

രാജ്യത്തിൻെറ ഓരോ ഭാഗത്തും ഓരോ വേലകൾക്കും വ--ം, ഫ 0 -ം, ഫ ഉ-ം അണാ വീതം വേലക്കാരൻെറ കൂലിനിരക്കായി തീർന്നിട്ടുണ്ടു്. മിസ്റ്റർ കുമാരപിള്ളതന്നെ ഈവിധം കൂലിനിരക്കു വീണിട്ടുണ്ടെന്നു ഇന്നലത്തെ പ്രസംഗത്തിൽ സമ്മതിച്ചിട്ടുണ്ടു്. കൂലിവേലക്കുപോകാതെതന്നെ കാലക്ഷേപം കഴിക്കണമെന്നു വിചാരിക്കുന്ന ദരിദ്രർക്കും വേലചെയ്യാൻ മനസ്സുണ്ടെങ്കിൽ വേലയില്ലായ്കയില്ല. ആരുടെയെങ്കിലും സ്ഥലങ്ങൾ ഉഴ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ത്തിനെടുത്തു നെൽകൃഷിയൊ മരച്ചീനികൃഷിയൊ മറേറതെങ്കിലും കൃഷികളൊ ചെയ്തു കാലക്ഷേപം കഴിക്കുവാൻ നിവൃത്തിയില്ലാത്തവിധം വലിയ സ്ഥലദൌർല്ലഭ്യം ഇപ്പോൾ നേരിട്ടിട്ടില്ല. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഓരോരുത്തക്കുള്ള ഭൂസ്വത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നു എന്നുള്ളതു വാസ്തവമാണ്. അതു നിമിത്തം കൃഷിചെയ്യാൻ മനസ്സുള്ളവർക്കും കൃഷിക്കും വാസത്തിനും സ്ഥലം ഇല്ലെന്നുള്ള ബുദ്ധിമുട്ടു ചിലയിടത്തെല്ലാം വർദ്ധിച്ചുവരുന്നുണ്ട്. അതിനുള്ള പ്രതിവിധി ഗവർമ്മെൻറിനൊ പൊതുജനങ്ങൾക്കൊ യാതൊരു പ്രയോജനവുമില്ലാത്തവിധത്തിൽ റിസർവ്വാക്കിയിട്ടിരിക്കുന്നതും പുരാതനകാലത്തു് ഇതുതന്നെ ജനബാഹുല്യം ഇല്ലാതിരുന്നപ്പോൾപോലും കൃഷിചെയ്യുകയും കുടിപാർക്കയും ചെയ്തിരുന്നതുമായ ലക്ഷ്യങ്ങളോടുകൂടിയ പ്രദേശങ്ങളെ റിസർവ്വിൽനിന്നും വിടുത്തി ചില്ലറ അംശങ്ങളായി തിരിച്ചു സാധുക്കളായവർക്കു പതിച്ചുകൊടുക്കയാകുന്നു. അങ്ങിനെ ഒന്നൊ ഒന്നരയൊ ലക്ഷം ഏക്കർ സ്ഥലങ്ങൾ രാജ്യത്തെ ജനവാസസ്ഥലങ്ങളോടു സമീപം കിടക്കുന്നവയെ പതിച്ചുകൊടുക്കുന്നതുകൊണ്ടു റിസർവ്വിനു സാരമായ കുറവൊന്നും വരാനില്ല. ഓരോ ഏക്കർ സ്ഥലങ്ങൾ അധീകൃതർ എന്നു ഗണിക്കുന്ന വർഗ്ഗങ്ങൾക്കു തറവിലകൂടാതെയും എല്ലാ വർഗ്ഗങ്ങളിലുംപെട്ട ഭൂസ്വത്തില്ലാത്തവർക്ക് അഞ്ചേക്കറിൽ കൂടാത്തതായ ഓരോ അംശങ്ങൾ അതാതു താലൂക്കിലെ 'മിനിമം' തറവിലക്കും ശേഷമെല്ലാം ഫ്രീ ഏക്കറിൽകൂടാത്ത അംശങ്ങളാക്കി ലേലംചെയ്തൊ പതിച്ചുകൊടുക്കുന്നതായാൽ അതു തൊഴിൽ വർദ്ധനയ്ക്കും രാജ്യൈശ്വർയ്യത്തിനും ഗവർമ്മെൻറു കോശപോഷണത്തിനും ഏറ്റവും ഉതകുന്നതായിരിക്കും. ഒരു ക്ലിപ്ത കാലത്തിനകം കൃഷിചെയ്യണമെന്നുള്ള വ്യവസ്ഥയോടുകൂടി പതിച്ചുകൊടുക്കുന്നതു് അധികം നല്ലതാണ്. ഒന്നര ലക്ഷം ഏക്കർ സ്ഥലം ഈവിധം റിസർവ്വിൽനിന്നും വിടുത്തി പതിച്ചുകൊടുക്കുന്നതായാൽ സാധുക്കൾക്ക് ഏതാണ്ടും സ്ഥലം തറവില ക്രമത്തെ കൊടുക്കുന്ന കുറവു കഴിച്ചു് ഒന്നരകോടി രൂപായോളം ഗവർമ്മെൻറിനു തറവിലയും തടിവിലയുംകൂടി ലഭിക്കുന്നതായിരിക്കും. മിസ്റ്റർ കുമാരപിള്ള പറയുന്നതുപോലെ തൊഴിലില്ലായ്മ ഉണ്ടെങ്കിലും അതിനു ശരിയായ പരിഹാരമാർഗ്ഗം ഇതുതന്നെയാണ്. കൃഷിക്കു താല്പര്യമുണ്ടായിട്ടു ഭൂമിയില്ലാതെ ബുദ്ധിമുട്ടുന്നവർക്കും കുറെ വിദ്യാഭ്യാസം സിദ്ധിച്ചതിനുശേഷം ഉദ്യോഗസിദ്ധിക്കായി പരിശ്രമിച്ചു നിരാശയോടെ പിൻമാറുന്നവർക്കും ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ മരച്ചീനിയൊ തെങ്ങൊ കമുകൊ റബ്ബറൊ കൃഷിചെയ്തു മാനമായി കാലക്ഷേപം ചെയ്യാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ദരിദ്രരെക്കൂടാതെ തൊഴിൽചെയ്യാതെ നടക്കുന്ന മറെറാരുക്ലാസ്സ് വിദ്യാഭ്യാസം സിദ്ധിച്ചശേഷം ഉദ്യോഗങ്ങൾക്കായി ശ്രമിച്ചു നടക്കുന്നവരാണ്. ഇപ്രകാരമുള്ള ഏതാണ്ടു യുവാക്കന്മാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ട്. അവർ ഗവർമ്മെൻറു ഉദ്യോഗമാകുന്ന തൊഴിൽ ചെയ്യുന്നുമെന്നുമാത്രം ആശിച്ചു നടക്കുന്നവരാണ്. അല്ലാതെ തൊഴിൽ ഇല്ലാതെ ബുദ്ധിമുട്ടുന്നവരല്ല. കൃഷി മുതലായ തൊഴിലുകളിൽ ഏർപ്പെട്ടു ന്നതിന് ആവശ്യം അവരെ നിർബന്ധിക്കുന്നതിനുപരിച്ചു പലരും ഉദ്യോഗലബ്ധിക്കായിട്ടുള്ള ശ്രമങ്ങളിൽനിന്നും പിരിഞ്ഞു പൂർവീകന്മാരുടെ തൊഴിലുകളിലേക്കുപോകുന്നുണ്ട്. ഒരു കമ്മറി ഏർപ്പെടുത്തി ഇവരെസംബന്ധിച്ച് ഒന്നും ചെയ്യാനില്ല. കൂടിൽ വ്യവസായങ്ങൾക്ക് ഇവർ പോകുന്നവരും അല്ലാ.

MR. K. SIVARAMA PANIKKAR (*Shertallai*): വലിയ വ്യവസായങ്ങൾ നടത്തുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിയാൽ അതിലേക്ക് അവർ ഒരുങ്ങുകയില്ലയൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എന്റെ പ്രസംഗംകഴിഞ്ഞിട്ടു മറുപടിപറയാം.

MR. K. I. JOSEPH (*Minachil* cum *Devicolam*): Will the President please allow us to put the questions after the speech is over?

PRESIDENT: The ten minutes' time limit applies to the period of speech. You can put questions after that.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വലിയ വ്യവസായശാലകൾ ഏർപ്പെടുത്തി നടത്തുവാൻ വേണ്ട മൂലധനവും ഇവക്കു സാധാരണ ഉണ്ടായിരിക്കുകയില്ലാ. ഇവക്കുപറ്റിയ തൊഴിൽ ഇവരുടെ പൂർവീകന്മാരുടെ തൊഴിലായ കൃഷിതന്നെയാണ്. ഇവരിൽ അധികംപേരും കൃഷിക്കാരുടെ സന്താനങ്ങളും കൃഷിചെയ്യാൻ കുറച്ചെങ്കിലും സ്ഥലമുള്ളവരുമാണ്. സ്ഥലം ഇല്ലാത്തവർക്ക് സ്ഥലംലഭിക്കാൻ ഞാൻ മുമ്പുപറഞ്ഞമാർഗ്ഗം ഉറക്കണം. ആ മാർഗ്ഗത്തിൽക്കൂടി പ്രവർത്തിക്കുന്നതിന് ആവശ്യം അവരെ പ്രേരിപ്പിച്ചുകൊള്ളും. ശ്രീവാഴുങ്കോടാകുന്ന ഇൻഡ്യയുടെ ഈ ആരാമത്തിൽ എത്രയും ഫലപുഷ്ടിയുള്ള ഒരു വലിയ ഭാഗം റിസർവ്വിൽ കൂടുക്കിയിട്ടിട്ടുള്ളതു രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തിനായി വേലചെയ്യാൻ ഉന്മേഷവും പ്രാപ്തിയും ഉള്ള വഞ്ചിരാജ്യത്തിലെ സന്താനങ്ങൾക്കു വീതിച്ചുകൊടുക്കണം. അതാണു തൊഴിൽവർദ്ധിക്കാനുള്ള ഒന്നാംതരം മാർഗ്ഗം. അതിന് കമ്മിറ്റി ഏർപ്പെടുത്തി ധനവ്യയം ചെയ്യേണ്ട ആവശ്യമില്ല. ഈ കഷ്ടകരാജ്യത്തെ ഐശ്വര്യവർദ്ധനക്കും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

തൊഴിൽ ഇല്ലായ്മയുടെ പരിഹാരത്തിനും കൃഷി ഭൂമിയിൽനിന്നും കൂടുതൽ വിളവെടുക്കുന്നതിനു കൃഷി പരിഷ്കരിക്കയും കൃഷിസ്ഥലം വർദ്ധിപ്പിക്കയുമാണുവേണ്ടതു്. ഈ വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറിന്റെ പരിശ്രമംകൊണ്ടു പറയത്തക്ക അഭിവൃദ്ധിഒന്നും ഉണ്ടായിട്ടില്ലെന്നു് പൊതുജനങ്ങൾ സമ്മതിക്കും. മാതൃകാതോട്ടങ്ങൾപോലും നഷ്ടകരമായ കൃഷിയുടെ മാതൃകകൾ ആണെന്ന ഗവർണ്മെൻറു തന്നിട്ടുള്ള മറുപടിയിൽനിന്നും വ്യക്തമാകുന്നുണ്ടു്. കൃഷിപരിഷ്കാരം തുടർന്നുവരുംതോറും വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്ന നെല്ലിന്റേയും അരിയുടേയും തുക വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. പിന്നെ കൃഷിസ്ഥലം വർദ്ധിപ്പിക്കുകയാണു് ഒരുമാർഗ്ഗം. ഈ രാജ്യത്തിലെ കായലുകളും ഏതാനും ചില പ്രദേശങ്ങളുടെമാത്രം വകയായ ഇടവക ഭൂമികളും ഒഴിച്ചു കണക്കാക്കുന്ന പക്ഷം രാജ്യത്തിന്റെ വിസ്തീർണ്ണതയിൽ പകുതി റിസർവ്വുവനമാണു്. ജനങ്ങൾക്കു് അവരുടെ പുരയിടങ്ങളിലുള്ള സാധനങ്ങളെ യഥേഷ്ടം കടത്തിക്കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യത്തെ ചട്ടത്താൽ തടഞ്ഞും ഈ രാജ്യത്തെ തടികൾ സമുദ്രതീരത്തുള്ള ഡിപ്പോവിൽ വിദേശികൾക്കു വിൽക്കുന്നവിലക്കുപോലും ഉൾനാടുകളിലെ ജനങ്ങൾക്കു ആ നാടുകളിൽകൊടുക്കാതേയും ജനങ്ങൾക്കു പകുതി അവകാശം നിയമത്താലുള്ള കുടിപ്പുരയിടങ്ങളിലെ തേക്കുതടികളുടെ പകുതി അവകാശം നൽകാതേയും നയിച്ചുവരുന്ന ഫാറസ്റ്റ്ഭരണംകൊണ്ടു പ്രതിവത്സരം ചിലവുകഴിച്ചുള്ള ആദായം പൂജ്യംമാത്രമാണു്. റിസർവ്വനത്തിനു പുറത്തുള്ള കുടികളുടെ പുരയിടങ്ങളിലെ തേക്കുതടിയുടെ വിലമാത്രമാണു് ഇപ്പോൾ ആദായമായി ഗണിക്കുന്നതു്. അതു കുടിവിഭവമാണു്. വനവിഭവമല്ലല്ലൊ. അതിനാൽ റിസർവ്വിൽനിന്നും കുറെസ്ഥലം വിട്ടുന്നതുകൊണ്ടു റിസർവ്വ് നശിക്കുമെന്നോ ആദായം ഇല്ലാതാകുമെന്നോ ഇപ്പോൾ ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. രാജ്യത്തെ തൊഴിൽ വർദ്ധനയ്ക്കും ഐശ്വര്യത്തിനും വേണ്ടി ഇപ്പോൾ ചെയ്യേണ്ടതു് ഇത്രമാത്രമേഉള്ളൂ. ഇപ്പോൾഉള്ള കൃഷിസ്ഥലങ്ങളിൽനിന്നും കൂടുതൽ വിളവുണ്ടാക്കത്തക്കമാർഗ്ഗങ്ങൾ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും മനസ്സിലാക്കി കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുകയും ആദായകരങ്ങളായ പുതിയ കൃഷികളും കൃഷിഉപകരണങ്ങളും രാജ്യത്തു നടപ്പാക്കുകയും വനത്തിൽനിന്നും ഒന്നരലക്ഷത്തോളം ഏക്കറെങ്കിലും ജനങ്ങൾക്കു ചില്ലറയായി പതിച്ചുകൊടുത്തു കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണതയെ വർദ്ധിപ്പിക്കുകയുമാണുവേണ്ടതു്. അല്ലാതെ മിസ്റ്റർ കുമാരപിള്ള പറയുംവണ്ണം രാജ്യത്തെ പല ഡിപ്പാർട്ടുമെൻറുകളെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുട്ടിക്കെട്ടി ഒന്നിന്റെ ജോലിയും സ്വാഭാവികമായി നടക്കാതാക്കിത്തീർക്കുന്നതുകൊണ്ടോ കമ്മിറ്റി ഏർപ്പെടുത്തി ഗവർമ്മെന്റു പണം വൃഥാവ്യയം ചെയ്യുന്നതുകൊണ്ടോ ദോഷമല്ലാതെ ഗുണത്തിനൊന്നും വഴികാണുന്നില്ലാഎന്നുള്ള എന്റെ അഭിപ്രായത്തെ ഇവിടെ തുറന്നു പറഞ്ഞുകൊണ്ടു ഞാൻ വിരമിക്കുന്നു.

MR. K. I. JOSEPH (*Minachil* cum *Devicolam*) : കൃഷിസംബന്ധമായ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഇപ്രകാരം ഒരു കമ്മിറ്റി ഏർപ്പെടുത്തിയാൽ ആ കമ്മറ്റിക്കു സാധിക്കുകയില്ലെ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഉള്ള നാമധേയത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല. നേരെമറിച്ചു കൃഷിപരിഷ്കരണത്തിനായി ഒരു കമ്മിറ്റിയെ രൂപീകരിക്കണമെന്നു പറയുന്നപക്ഷം ഞാൻ അതിനെ അനുകൂലിക്കാൻ തയാറാണു്.

MR. K. SIVARAMA PANIKKAR (*Shertallai*): കൃഷിക്കു സ്ഥലം പതിച്ചുകൊടുത്താൽ എല്ലാവരും കൃഷിക്കു പോകുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cuin *Todupuzha*): എല്ലാവരും പോകും, പോകാത്തവരുടെ സംഖ്യ വളരെ കുറച്ചുള്ളൂ.

MR. K. SIVARAMA PANIKKAR (*Shertallai*): രണ്ടുക്ലാസുകാരെപ്പറ്റി മെമ്പർ പറഞ്ഞിട്ടുണ്ടല്ലൊ. അതിൽ ആദ്യത്തെ ക്ലാസുകാർ ആരാണു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ആദ്യത്തേതു ഭിക്ഷുവേഷം കെട്ടിനടക്കുന്നവരും വേലചെയ്യാൻ ശക്തിയുള്ളവരുമാണു.

MR. K. SIVARAMA PANIKKAR (*Shertallai*): അങ്ങിനെ ഉള്ളവരുടെ പ്രവൃത്തിയെ മെമ്പർ അനുകൂലിക്കുന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ ഉള്ളവരെ തിരിച്ചറിയാൻ പ്രയാസമാണു്. സാധാരണ രോഗികളായ ഭിക്ഷുക്കളോടു കൂടിയെ അവർ നടക്കുകയുള്ളൂ. രോഗികളും വേലചെയ്യാൻ ശേഷിയില്ലാത്തവരുമായ ആളുകളെ ഒരു സ്ഥാപനം ഉണ്ടാക്കി അതിൽ താമസിപ്പിക്കുകയും അവർ ഭിക്ഷയ്ക്കു നടക്കുന്നതു കുറ്റകരമാണെന്നു നിയമം ഉണ്ടാക്കുകയും ചെയ്യണം. വ്യാജവേഷംകെട്ടി നടക്കുന്നവരെ ശിക്ഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PANIKKAR (*Shertallai*): കൃഷിയിൽനിന്നും ക്രൂടുതൽ ആദായം കിട്ടുന്നില്ലെന്നു മെമ്പർ പറഞ്ഞല്ലൊ. അതുപോലെ വ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോൾ ആദായം കിട്ടുന്നില്ല എന്നുള്ള വസ്തുത മെമ്പറിനു അറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇനി അടുത്തകാലത്തു് ഉണ്ടാകാനും നിവൃത്തിയില്ല. ഇൻഡ്യയിൽതന്നെ വ്യവസായഡിപ്പാർട്ടുമെൻറിൽ നിന്നും യാതൊരാദായവും ലഭിയ്ക്കുന്നില്ലെന്നു് എൻെറ മാന്യസ്നേഹിതൻ വായിയ്ക്കുകയുണ്ടായി. അതിൻെറ ഉപരാജ്യമാണെല്ലൊ തിരുവിതാംക്കൂർ.

MR. K. SIVARAMA PANIKKAR (*Shertallai*): കൃഷിയേക്കാൾ വ്യവസായം ക്രൂടുതലായിട്ടു വർദ്ധിപ്പിക്കേണ്ടതു തൊഴിലില്ലായ്മയ്ക്കു പരിഹാരമായിരിക്കുമെന്നു മെമ്പറിനു് അറിയാമൊ?

MR. TARIATU KUNJITOMMN (*Muvattupuzha* cum *Todupuzha*): അതു ഓരോ രാജ്യത്തെ പരിതസ്ഥിതിയെ ആശ്രയിച്ചിരിക്കും. ഇവിടെ കൃഷിയെ വർദ്ധിപ്പിക്കുകയാണു വേണ്ടതു്.

MR. K. SIVARAMA PANIKKAR (*Shertallai*): കൃഷിയും വ്യവസായവും പരസ്പരം ആശ്രയിച്ചാണിരിക്കുന്നതെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനു് അറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതെ ആശ്രയിച്ചാണിരിക്കുന്നതു്. എങ്കിലും ഇതു കർഷകരാജ്യമായതുകൊണ്ടു കൃഷിക്കാണു് പ്രാധാന്യം.

MR. K. SIVARAMA PANIKKAR (*Shertallai*): വ്യവസായം ക്രൂടാതെ കൃഷി സാധിക്കയില്ല. കൃഷിക്രൂടാതെ വ്യവസായം സാധിക്കയില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇതു രണ്ടും ക്രൂടാതെ കച്ചവടത്തിനുപോലും സാധിക്കയില്ലാ. (*Laughter.*)

MR. K. SIVARAMA PANIKKAR (*Shertallai*): ഞാൻ ചോദിച്ച ചോദ്യത്തിനു മറുപടി പറയുകയല്ലാതെ അതിലധികം പറയുന്നതു ഭംഗിയല്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ മറുപടി പറയാതെ ഒഴിഞ്ഞു നില്ക്കാനും നിയമത്താൽ എനിക്കു് സാധിക്കും.

MR. K. SIVARAMA PANIKKAR (*Shertallai*): അപ്പോൾ മെംബർ മറുപടിപറയുന്നില്ലാ എന്നുള്ള വിചാരത്തോടുകൂടി ഞാൻ ഇരിക്കട്ടൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇതിനു മറുപടി പറയേണ്ട ആവശ്യമില്ലെന്നു് ഞാൻ വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*) : ഒരം രാജ്യത്തിൽ ആവശ്യത്തിൽ കൂടുതലായി വനംഉണ്ടെന്നും അതിൽഒന്നരലക്ഷം ഏക്കർ പതിച്ചു കൊടുക്കാമെന്നും അഭിപ്രായം പറഞ്ഞുവല്ലോ. ഈ രാജ്യത്തിന്റെസ്ഥിതിക്കു വിദേശങ്ങളിൽ സ്വീകരിച്ചുപോരുന്ന തോതിന്ന് ആകപ്പാടെ എത്ര ഏക്കർ വനം ആവശ്യമുണ്ടെന്ന് മിസ്റ്റർ കുഞ്ഞിതൊമ്മന് അറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അതു് എന്റെ മാന്യസ്നേഹിതനോടു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): ഒരു രാജ്യത്തെ ആദായം വർദ്ധിപ്പിക്കുന്നതിലേക്കായിട്ടാണൊ വനങ്ങൾ റിസർവ്വാക്കി ഇട്ടിരിക്കുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഒരം രാജ്യത്തിൽ വനം ഒഴിച്ചിട്ടിരിക്കുന്നതു കൊണ്ടു വലിയ പ്രയോജനം ഒന്നും ഇല്ല.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod* : വനം ഡിപ്പാർട്ടുമെൻറിൽ നിന്നും ധാരാളംആദായം കിട്ടിയില്ലെങ്കിൽ വനം സംരക്ഷിക്കേണ്ട ആവശ്യമില്ലാ എന്നാണൊ മിസ്റ്റർ കുഞ്ഞിതൊമ്മന്റെ അഭിപ്രായം?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അങ്ങിനെയല്ലാ ഞാൻ പറഞ്ഞതു്. രാജ്യവാസികൾക്കും ഗവർമ്മെൻറിനും പണസംബന്ധമായ ക്ലേശതൽ പ്രയോജനം ഒരം വനം പതിച്ചു കൊടുക്കുന്നതുകൊണ്ടു് ഉണ്ടായിരിക്കുമെന്നാണു്.

MR. N. KUMARAN (*Nominated*) : കൊല്ലംതോറും അഞ്ഞൂറിഏഴപതുലക്ഷം രൂപായുടെ സംസ്കൃതപദാർത്ഥങ്ങൾ അന്യനാടുകളിൽ നിന്നും ഇൻഡ്യയിലേക്കു് കൊണ്ടു വരുന്നു എന്നു് മിസ്റ്റർ കുഞ്ഞിതൊമ്മൻ അറിഞ്ഞിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പടെ പലപദാർത്ഥങ്ങളും അന്യനാട്ടിൽ നിന്നും ഇവിടെ കൊണ്ടു വരുന്നുണ്ടെന്നു് എനിക്കു മനസ്സിലായിട്ടുണ്ടു്.

MR. N. KUMARAN (*Nominated*) : അതിലെ ഭൂരിഭാഗവും ഒരം നാട്ടിൽ നിന്നും അയക്കുന്ന അസംസ്കൃത സാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കി അയച്ചതാണെന്നും അവയെ നാം തന്നെ സംസ്കരിക്കുന്നപക്ഷം ജനങ്ങൾക്കു് ആദായമാർഗ്ഗവും തൊഴിലും വർദ്ധിക്കുമെന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു് ഒരു നല്ല കായ്മാണു്. പക്ഷെ കൃഷിപോലെ ഉടനെ നടത്താൻ സാധിക്കയില്ലാ. നെല്ലും, അരിയും, അധികഭാഗവും വിദേശത്തുനിന്നും വരികയാണല്ലോ.

MR. N. KUMARAN (*Nominated*): ഉടൻതന്നെ കൃഷിയെപ്പോലെ സാധിക്കയില്ലെങ്കിലും ഈ നാട്ടിലെ ഭാവിയേയും ഐശ്വര്യത്തേയും പറ്റി ചിന്തിക്കേണ്ട ഭാരം നമുക്കു വിട്ടുരമായിട്ടു ഉണ്ടാകുമെന്നും അതിന് ഈ കമ്മിറ്റികൊണ്ടുപയോഗപ്പെടുമെന്നും ഉണ്ടെങ്കിൽ പിന്നെ എന്തുകൊണ്ടു് ഈ കമ്മിറ്റിയെ അനുകൂലിക്കാൻ പാടില്ല?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇതിലേക്കു വേണ്ടി ഒരു കമ്മിറ്റി വേണ്ടെന്നാണ് എന്റെ അഭിപ്രായം, കൃഷിയേയൊ വ്യവസായത്തേയൊ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആ നാമധേയത്തിൽ ഒരു കമ്മിറ്റി ഏർപ്പെടുത്തിയാൽ അനുകൂലിക്കുന്നതു കൊണ്ടു് ഒരു വിരോധവുമില്ല. എന്നാൽ അതു തൊഴിലില്ലായ്മയുടെ നാമത്തിൽ വേണ്ടല്ലോ.

MR. N. KUMARAN (*Nominated*): ഒരു സംഗതികൊണ്ടു പല കായ്ങ്ങൾക്കും ഗുണമുണ്ടാകും. ഇപ്പോൾ ഉദ്ദേശിക്കുന്ന കമ്മിറ്റികൊണ്ടു കൃഷി പരിഷ്കരണത്തിനും വ്യവസായവർദ്ധനവിനും ഉപയോഗപ്പെടുമെങ്കിൽ ഈ കമ്മിറ്റിയോടു് അനുകൂലിച്ചാൽ എന്താ ദോഷം.?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): തൊഴിലില്ലായ്മ ഈ രാജ്യത്തുണ്ടെന്നു പറഞ്ഞാൽ വിദേശികൾപോലും സമ്മതിക്കുകയില്ല. ഇവിടത്തെക്കൂലിക്കാരുടെയിടയിൽ നോക്കുകയാണെങ്കിൽ ധാരാളം വിദേശികൾ ഉണ്ടെന്നു കാണാം. ഇവിടത്തുകാർക്കു ധാരാളം തൊഴിലില്ലാതെ വിദേശികൾ ഇവിടെ തൊഴിലിനായിവരേണ്ട ആവശ്യമില്ലെല്ലോ. അതുകൊണ്ടു തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന് എന്ന നാമധേയത്തിൽ ഇവിടെ ഒരു കമ്മിറ്റി ഏർപ്പെടുത്തി പണം ചിലവാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. K. SIVARAMA PANIKKAR (*Shertallai*): ഭിക്ഷ എടുക്കുന്നതും ഒരു തൊഴിലായിട്ടു വിചാരിക്കുന്നുണ്ടൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വേല ചെയ്യാൻ സാധിക്കാത്തവരെ ഭിക്ഷുക്കളായി ഗണിച്ചു് അവക്കു പ്രത്യേകം ഒരു സ്ഥാപനം ഏർപ്പെടുത്തി അവരെ അതിൽ പാർപ്പിക്കണം. ജോലി ചെയ്യാമെന്നുള്ളവർ ഭിക്ഷാടനത്തിനിറങ്ങുകയാണെങ്കിൽ അവരെ ശിക്ഷിക്കണം. ഇതുയേ എനിക്കു ഇതിൽ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PANIKKAR (*Shertallai*): ചിലർ ആധാരങ്ങളിലും മറ്റും സ്വന്തവൃത്തി എന്നെഴുതിവരുന്നുണ്ടെല്ലോ അതും ഒരു തൊഴിലാണോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ആധാരങ്ങളിൽ അങ്ങനെ വയ്ക്കുന്നുണ്ടെങ്കിലും എന്തെങ്കിലും തൊഴിൽ അവർക്കുണ്ടായിരിക്കും.

MR. K. SIVARAMA PANIKKAR (*Shertallai*): വിദ്യാഭ്യാസം സിദ്ധിച്ചവരുടെയിടയിലും തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നുണ്ടെന്നു മിസ്റ്റർ കുഞ്ഞുപ്പൊമ്മനറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അവർ പൂവ്വീകന്മാരുടെ തൊഴിലിനെ അനുകരിക്കാതെ വിദ്യാഭ്യാസംസിദ്ധിച്ചതുകൊണ്ട് ഉദ്യോഗാർത്ഥം അലഞ്ഞുനടക്കുന്നു. അല്ലാതെ തൊഴിലില്ലാഞ്ഞിട്ടല്ല. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്ക് അവരുടെ സ്ഥിതിക്കും യോഗ്യതക്കുമനുസരിച്ച തൊഴിലിൽ പ്രവേശിക്കാൻ സൌകര്യമുണ്ട്. പലവലിയ കൃഷികളും ചെയ്യാം.

MR. K. SIVARAMA PANIKKAR (*Shertallai*): വലിയകൃഷി ഏതാണ്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): റബ്ബർകൃഷി, മരച്ചീനികൃഷി, ഇതെല്ലാം വലിയ കൃഷിയാണ്.

MR. K. SIVARAMA PANIKKAR (*Shertallai*): ഉദ്ദേശം നാലഞ്ചു ആയിരം രൂപാ ചിലവാക്കി വിദ്യാഭ്യാസം ചെയ്ത ഒരാൾക്ക് എത്ര ഏക്കർ സ്ഥലത്തു കൃഷിചെയ്യാനുള്ള യോഗ്യതയുണ്ട്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതു് ഓരോരുത്തരുടേയും തൊഴിലിലുള്ള പ്രതിപത്തിയേയും സാമർത്ഥ്യത്തേയും ആശ്രയിച്ചിരിക്കും.

